**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ**
**സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

BASELIOS MARTHOMA MATHEWS III CATHOLICOS OF THE EAST AND MALANKARA METROPOLITAN 2021

**No. 255/2024**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തു പട്ടക്കാർക്കും, പള്ളിക്കൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്‌വ്!

കർത്താവിൽ പ്രിയരെ,

പ. സഭയിൽ സ്ത്രീകൾക്ക് അർഹമായ പ്രാതിനിധ്യവും പങ്കാളിത്തവും സഭാ പ്രവർത്തനങ്ങളുടെ വിവിധ മേഖലകളിൽ നൽകണം എന്ന അഭിപ്രായം സഭയിൽ ആകമാനം ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു വിഷയമാണല്ലോ. 2011 -ൽ സഭാ ഭരണഘടന ഭേദഗതി ചെയ്തപ്പോൾ വനിതകൾക്ക് ഇടവക ഭരണതലത്തിൽ പ്രാതിനിധ്യം നൽകുന്നതിന് ആവശ്യമായ മാറ്റങ്ങൾ ഭരണഘടനയിൽ വരുത്തിയിരുന്നു. അത് ഇന്ന് പ്രായോഗികമായി നടപ്പിലായിക്കൊണ്ടുമാണ് ഇരിക്കുന്നത്.

എന്നാൽ അതിനേക്കാൾ എല്ലാം പതിറ്റാണ്ടുകൾ മുമ്പ് 1988 ജൂലൈ മാസം സമ്മേളിച്ച പ. എപ്പിസ്കോപ്പൽ സുന്നഹദോസ് സ്ത്രീകൾക്ക് ദേവാലയ ആരാധനയിൽ പഴയനിയമ ഭാഗങ്ങൾ വായിക്കുവാൻ നൽകിയിട്ടുള്ള അനുമതി ഇപ്പോഴും വ്യാപകമായി നടപ്പാക്കപ്പെട്ടിട്ടില്ല എന്ന് നാം മനസ്സിലാക്കുന്നു. പലർക്കും ഇങ്ങനെയൊരു നിശ്ചയം പരിശുദ്ധ സുന്നഹദോസ് നടത്തിയതായി അറിവുപോലും ഇല്ല എന്ന് നാം കേൾക്കുന്നു.

1988 ജൂലൈ മാസത്തിൽ നമ്മുടെ മുൻഗാമി പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽ കൂടിയ സുന്നഹദോസ് എടുത്ത തീരുമാനം അനുസരിച്ച്, അതത് ഇടവകകളിലെ വികാരിമാരുടെ അനുവാദത്തോടെ സ്ത്രീകൾക്ക് ആരാധനാ മദ്ധ്യേ പരസ്യമായി പഴയ നിയമ വായനകൾ നടത്തുന്നതിന് തടസ്സമൊന്നും ഇല്ല എന്ന് നാം അറിയിക്കുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2024 സെപ്റ്റംബർ മാസം 25-ാം തീയതി
സൗത്ത് വെസ്റ്റ് അമേരിക്ക ഭദ്രാസനത്തിന്റെ
ഹൂസ്റ്റൺ അരമനയിൽ നിന്നും